നിയമനത്തിന് അംഗീകാരം ലഭിക്കാതെ തൃശ്ശൂർ ജില്ലയിൽ മാത്രം 1,200 ഓളം അദ്ധ്യാപകർ ഈ രീതിയിൽ ഒന്നര വർഷമായി ശമ്പളമില്ലാതെ ജോലി ചെയ്യുകയാണ്. ഗവൺമെന്റ് അപ്രൂവലോടുകൂടി നിയമിച്ച 5,000 അദ്ധ്യാപകരാണ് ഇങ്ങനെ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി ഈ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയും ഒരു പ്രത്യേക കരുണ കാണിക്കണമെന്നുകൂടി താൽപ്പര്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ പ്രശ്നത്തിൻമേൽ പൊതു മാനദണ്ഡം, കട്ട് ഓഫ് ഡേറ്റ് വച്ചിട്ടുണ്ട്. അതിനുശേഷമാണോ അതിനു മുമ്പാണോ എന്നുള്ളത് മാത്രമാണ് നോക്കാനുള്ളത്. അതിനു മുമ്പാണെങ്കിൽ ഇങ്ങനെയൊരു സ്ഥിതി വരാൻ ഇടയില്ല. മറ്റു ജില്ലകളിൽ കൊടുത്തു എന്ന് പറയുന്നതും ശരിയല്ല എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. 29-10-2001-ന് ശേഷമുള്ള നിയമനങ്ങളാണെങ്കിൽ അംഗീകരിക്കാൻ ചില വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നിർവ്വാഹമുള്ളൂ. അതിന് മുമ്പുള്ളതാണെങ്കിൽ പരിശോധിക്കാം.

(7) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ നിയമനം

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേന്ദ്ര ഗവൺമെന്റ് 75 ശതമാനവും സംസ്ഥാന ഗവൺമെന്റ് 25 ശതമാനവും ചെലവഴിച്ചുകൊണ്ട് നടത്തുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളാണല്ലോ 15 വർഷമായി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ. അവിടെ പി.എസ്.സി. റൂൾസ് അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് സ്ഥിരം നിയമനം നടക്കുന്നില്ല. പ്രൈവറ്റ് സ്കൂളുകളിൽ ആണെങ്കിൽ മാനേജർമാർ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ 300 ഓളം സ്ഥാപനങ്ങളാണല്ലോ ഉള്ളത്, അതിൽ വൊക്കേഷണൽ നോൺ വൊക്കേഷണൽ കോഴ്സുകൾക്ക് ഉണ്ടായിരുന്ന മുഴുവൻ അദ്ധ്യാപകരെയും ഗവൺമെന്റ് സ്കൂളുകളിൽ ആഗസ്റ്റ് 30-ന് ഡെപ്യൂട്ടേഷൻ തീർത്ത് തിരിച്ചയക്കുകയാണ്. ഇത് വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ ഡയറക്ടർ തസ്തികയിൽ മാത്രം ഈ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയാൽ മതി, പക്ഷേ ഇത് നീണ്ടുപോകുകയാണ്. പ്രൈവറ്റ് സ്കൂളുകളിൽ അദ്ധ്യാപകർ ഉണ്ട്. അതേ സമയം ഗവൺമെന്റ് സ്കൂളുകളിൽ അദ്ധ്യാപകരെ ഈ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്നതുകൊണ്ട് നിയമിക്കുന്നില്ല. അടിയന്തിരമായി നിർദ്ദേശം കൊടുത്തിട്ട് വൊക്കേഷണൽ ഹയർ സെക്കന്ററി ഗവൺമെന്റ് സ്കൂളുകളിൽ ഈ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഒപ്പം 50 പുതിയ സ്കൂളുകൾ അനുവദിക്കാൻ ഉത്തരവായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഉറപ്പായിരിക്കുന്നുവെന്നുള്ളത് ഇത് പിന്നോക്ക പ്രദേശങ്ങളിൽ സർക്കാർ സ്കൂളുകളിലേക്ക് കൊടുക്കുന്നതിനും ഒരു മുൻഗണന പാലിക്കണമെന്നും ഈ വൊക്കേഷണൽ ഹയർ സെക്കന്ററി ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം താമസം വരുത്താതെ നടപ്പിലാക്കി ഗവൺമെന്റ് സ്കൂളുകളെ നിലനിർത്താൻ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

10.00 A. M.]

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സ്പെഷ്യൽ റൂൾസ് ഇല്ലാത്തതാണ് പ്രശ്നം. സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിക്കാം. അതുകഴിഞ്ഞാൽ താൽക്കാലികവും ഡെപ്യൂട്ടേഷനുമൊക്കെയായിട്ട് നിയമിച്ചുപോകാം. ഉടനെതന്നെ അതിന് പരിഹാരം ഉണ്ടാക്കാം. മറ്റ് പിന്നോക്ക പ്രദേശത്ത് മുൻഗണന തരണമെന്നുള്ളത് തീർച്ചയായിട്ടും പോസിറ്റീവായിട്ട് പരിഗണിക്കാം.

(8) ദേശീയ പാതയിൽ ആലുവ മുതൽ അങ്കമാലി വരെയുള്ള പ്രദേശത്തെ റോഡപകടങ്ങൾ

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എൻ. എച്ച്. 47-ൽ ആലുവ മുതൽ അങ്കമാലി വരെയുള്ള ഭാഗത്ത് പണി തുടങ്ങിയപ്പോൾ ഞങ്ങൾ വളരെ സന്തോഷത്തിൽ ആയിരുന്നു. പക്ഷേ ഈ ഭാഗം ഇന്നൊരു മരണക്കെണിയായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് കരിയാട് ഭാഗം. ആ ഭാഗത്തെ വളവുകൾക്ക് ദൂരക്കാഴ്ചയില്ല. മാത്രമല്ല അവിടെ ബ്രേക്ക് ചവിട്ടിയാൽ ആ നിമിഷം വണ്ടി തകിടം മറിയും. ഇതിനോടകം 13 പേർ മരിച്ചു കഴിഞ്ഞു. എല്ലാ ദിവസവും അപകടമാണ്. അതുമാത്രമല്ല, ആ ഭാഗത്ത് സ്ഥലമെടുക്കണം, നടപ്പാതയില്ല. ഇതിന്റെ പണിയുടെ സാങ്കേതികത്വത്തിൽ പോലും അപകടം ഉണ്ടെന്ന് തോന്നുന്നു. ഇന്ത്യയിലെ സാങ്കേതികത്വം കേരളത്തിലെ ആറ് മാസം മഴയുള്ള കാലത്ത് പര്യാപ്തമാണോ എന്ന് പരിശോധിക്കണം. മാത്രമല്ല, അവിടെ ഉപയോഗിച്ചിരിക്കുന്ന wearing coat വളരെ മിനുസമേറിയതാണ്. അവിടെ വണ്ടി ബ്രേക്ക് ചവിട്ടിയാൽ ആ സമയം മറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ സാങ്കേതികത്വത്തെ കുറിച്ച് പ്രത്യേകമായി പഠിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യത്തിന് അനുസൃതമായും എൻ.എച്ച്.-47-ലെ വികസനം നടക്കാത്തതും ഡ്രൈവർമാരുടെ അശ്രദ്ധയും കാരണം റോഡ് അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ക്രമം തെറ്റിയുള്ള കാലവർഷം ദേശീയപാത 47-ൽ കേടുപാടുകൾ വരുത്തുന്നുണ്ട്. റോഡ് അപകടങ്ങൾ ഒഴിവാക്കുവാൻ ആലുവ മുതൽ അങ്കമാലി വരെയുള്ള ഭാഗം ഉൾപ്പെടെ ദേശീയപാതയിൽ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി ചേർത്തല മുതൽ ആലുവ വരെയുള്ള റോഡിന്റെ കുറേഭാഗം നാലുവരിപ്പാത ആക്കിയിട്ടുണ്ട്. ആലുവ മുതൽ അങ്കമാലി വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. ചേർത്തല മുതൽ പാറശ്ശാലവരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടന്നുവരികയാണ്. ദേശീയ പാതകളിൽ റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. റോഡ് അപകടങ്ങൾക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ വിവരണ ബോർഡുകൾ സ്ഥാപിച്ചും സുരക്ഷാ ക്രമീകരണങ്ങൾ നടത്തിയും വരുന്നുണ്ട്. ഇപ്പോൾ അംഗം ഉന്നയിച്ച വിഷയങ്ങൾ ഗൗരവപൂർവ്വം കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് നിരന്തരമായ അപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly